# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 5760

03-11-2016 ലെ
മറുപടി

## നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.വി.അൻവർ | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ മേജർ/ മൈനർ ഇറിഗേഷൻ വകുപ്പുകൾ വഴി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും, പദ്ധതികൾ, അനുവദിച്ച തുക, നിലവിലെ പ്രവർത്തന പുരോഗതി എന്നിവയും വിശദമാക്കാമോ; | (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1. 2012-13 വർഷത്തിൽ അംഗീകാരം നൽകിയ പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 99% പൂർത്തിയായി. തുക- 30 കോടി. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. തുക- 5 കോടി.<br>2. 2015-16 വർഷത്തിൽ നബാർഡ് 21ൽ ഉൾപ്പെടുത്തി തമ്പുരാട്ടിക്കല്ല് മുറംതൂക്കിയിൽ നീർപ്പുഴക്ക് കുറുകെ വി.സി.ബി കം ബ്രിഡ്ജ് നിർമ്മാണം - 129 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>3. അമരമ്പലം പഞ്ചായത്തിൽ കുതിരപ്പുഴക്ക് കുറുകെ പാറക്കപ്പാടം ചെക്ക്ഡാം പ്രവൃത്തി പുരോഗതിയിലാണ്. 70 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. തുക - 120 ലക്ഷം.<br>4. ചാലിയാർ പഞ്ചായത്തിൽ മൈലാടി കോളനിക്കുളം നിർമ്മാണം - പ്രവൃത്തി സ്ഥലം ഇപ്പോഴത്തെ സ്ഥലത്തിന് 20 മീറ്റർ |

| | | | |
|---|---|---|---|
| | | | കിഴക്ക് ഭാഗത്തേക്ക് മാറ്റുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുക - 20 ലക്ഷം.<br>5. എടക്കര പഞ്ചായത്തിലെ മുപ്പിനിയിൽ പുന്നപ്പുഴയുടെ വലതുകര സംരക്ഷണം - തുക 25 ലക്ഷം - പ്രവൃത്തി പുരോഗതിയിൽ.<br>6. പോത്തുകല്ല് പഞ്ചായത്തിലെ മുണ്ടേരിയിൽ ചാലിയാർ പുഴയുടെ കുറുകെ റഗുലേറ്റർ കം ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - 5.6 ലക്ഷം - പ്രവൃത്തി പുരോഗതിയിൽ.<br>7. പോത്തുകല്ല് പഞ്ചായത്തിലെ ഭൂതാനത്ത് ചാലിയാർ പുഴയുടെ കുറുകെ റഗുലേറ്റർ കം ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - 5.6 ലക്ഷം - പ്രവൃത്തി പുരോഗതിയിൽ. |
| (ബി) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ സ്ഥിരം തടയണകൾ, ചെക്ക്ഡാമുകൾ എന്നിവയുമായി ബന്ധപ്പെട്ട എത്ര അപേക്ഷകളുണ്ടെന്നും അതിന്മേൽ സർക്കാർ എടുത്ത നടപടികളും വിശദമാക്കാമോ? | (ബി) | ജലസേചന വകുപ്പിന് കീഴിൽ നിലമ്പൂർ പഞ്ചായത്തിൽ സ്ഥിരം തടയണകൾ, ചെക്ക് ഡാമുകൾ എന്നിവയുമായി ബന്ധപ്പെട്ട് എട്ട് അപേക്ഷകൾ ഉണ്ട്. ഇതിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു.<br>മലപ്പുറം ജില്ലയിലെ ചുങ്കത്തറ പഞ്ചായത്തിൽ പുന്നപ്പുഴയ്ക്ക് കുറുകെ അരുംപുളിക്കൽ ചെക്ക്ഡാം നിർമ്മാണത്തിന് ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. എസ്റ്റിമേറ്റ് തുക - 390.00 ലക്ഷം രൂപ. |

സെക്ഷൻ ഓഫീസർ